LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ബയോഗ്യാസ് വികസന പദ്ധതി (NBMMP) പ്രകാരം സബ്സിഡി നിരക്കിൽ ദീനബന്ധു മോഡൽ ബയോഗ്യാസ് പ്ലാന്റുകൾ കൃഷി വകുപ്പ് സ്ഥാപിച്ചുനൽകുന്നുണ്ട്. 1 m^3 മുതൽ 6 m^3 വരെയുള്ള പ്ലാന്റുകൾക്കാണ് സബ്സിഡി നൽകുന്നത്. പൊതുവിഭാഗത്തിന് 1 m^3 പ്ലാന്റിന് 5,500 രൂപയും 2 m^3 - 6 m^3 പ്ലാന്റിന് 9000 രൂപയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 1 m^3 പ്ലാന്റിന് 7000 രൂപയും 2 m^3 - 6 m^3 പ്ലാന്റിന് 11,000 രൂപയും സബ്സിഡി നൽകുന്നു. കൃഷിഭവൻ മുഖേന അപേക്ഷകൾ സ്വീകരിച്ച് പരിശീലനം സിദ്ധിച്ച Turnkey ഏജന്റുകൾ മുഖാന്തരം പ്ലാന്റുകൾ സ്ഥാപിച്ച് നൽകിവരുന്നു.

(ബി) ബാധകമല്ല.

തൊഴിലാളികളുടെ ശമ്പള പരിഷ്കരണം

221 (1694) ശ്രീ. മല്ലിക്കര രതാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിനുകീഴിലുള്ള വിവിധ എസ്റ്റേറ്റുകളിലെ തൊഴിലാളികളുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത തൊഴിലാളികൾക്ക് ശമ്പളം പരിഷ്കരിച്ച് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഓയിൽപാം ഇൻഡ്യാ ലിമിറ്റഡിലെ തൊഴിലാളികളുടെ വേതന പരിഷ്കരണം പരിശോധിച്ചുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13-9-2013 തീയതിയിലെ G.O.(P) No. 112/2013/തൊഴിൽ നമ്പർ ഉത്തരവിനനുസൃതമായി 2011 ജൂലൈ ഒന്ന് പ്രാബല്യത്തോടെ വേതനം പരിഷ്കരിച്ചു നൽകിയിട്ടുണ്ട്.

പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം

222 (1696) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും സംയുക്തമായി എത്ര പ്രാവശ്യം പരിശോധിച്ചിട്ടുണ്ട്; വിശദീകരിക്കുമോ ?

ഉത്തരം

പൊതുവിപണിയിൽ ലഭീക്കുന്ന അന്യസംസ്ഥാന പച്ചക്കറികളുടെയും സുഗന്ധ വ്യഞ്ജനങ്ങളുടെയും സാമ്പിൾ വെള്ളായണി കാർഷിക കോളേജിലെ ലബോറട്ടറിയിൽ പരിശോധിച്ച് റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഗവേഷണ പദ്ധതി 2013 ജനുവരി 1-ന് ആരംഭിച്ചു. മൂന്നുമാസത്തിലൊരിക്കൽ പരിശോധനയുടെ വിശദ റിപ്പോർട്ട് kerala.gov.in എന്ന സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീക രിക്കുന്നുണ്ട്. പ്രതിമാസം 200 സാമ്പിൾ വീതം ശേഖരിച്ച് പരിശോധിച്ച് 6000-ത്തോളം ഭക്ഷ്യ സാമ്പിളുകളുടെ പരിശോധനാഫലങ്ങൾ അടങ്ങിയ 16 വിശദ റിപ്പോർട്ടുകൾ ഈ വെബ്സൈറ്റിൽ Report & Manuals എന്ന ലിങ്കിൽ ലഭ്യമാണ്. ഈ വിവരങ്ങൾ യഥാസമയം മാദ്ധ്യമങ്ങളിലൂടെ പൊതുസമൂഹത്തെ അറിയിക്കുന്നതിനുള്ള നടപടികളും കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും സംയുക്തമായി നടത്തിവരുന്നു.

കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള സഹായധനം

223 (1697) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സാമ്പത്തിക പ്രതിസന്ധിമൂലവും അല്ലാതെയും എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നറിയാമോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിനുള്ളിൽ കർഷകകടാശ്വാസ കമ്മീഷൻ മുഖേന എത്ര രൂപ വിതരണം ചെയ്യുവെന്ന് വെളിപ്പെടുത്തുമോ ;

(സി) കർഷക കടാശ്വാസത്തിനുവേണ്ടിയുള്ള അപേക്ഷകളിൽ നാളിതുവരെ എത്ര രൂപ ശിപാർശ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) എത്ര അപേക്ഷകൾ തീർപ്പു കല്പിക്കാനായി കമ്മീഷന്റെ മുമ്പാകെ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഇ) കമ്മീഷന്റെ കൈവശം അപേക്ഷ ലഭിച്ച് മൂന്നു മാസത്തിനകം തീർപ്പാക്കാൻ ആവശ്യമായ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 64 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശ അനുസരിച്ച് 89.35 കോടി രൂപ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly